പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4053 16-03-2017-ൽ മറുപടിക്ക്

## ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം

ചോദ്യം

ശ്രീ. കെ.എം.ഷാജി

ഉത്തരം

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും
നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം ലഭിക്കുന്നതിനായി ശ്രീ.ശിവപ്രസാദ്.പി നൽകിയ അപേക്ഷയിൽ (ഫയൽ നം.13949/എച്ച്3/2015/നിയമം) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ശ്രീ.ശിവപ്രസാദ് പി.യുടെ 06.02.2015-തീയതിയായുള്ള അപേക്ഷയോടൊപ്പം ശ്രീ.അജിത് കുമാർ.ബി.യുടെ 27.02.2015-തീയതിയായുള്ള അപേക്ഷയും ശ്രീ.അജിത്ത് മോൻ എൻ.വി യുടെ 05.02.2016-തീയതിയായുള്ള അപേക്ഷയും 13949/എച്ച്3/2015/നിയമം എന്ന നമ്പർ ഫയലിൽ കൈകാര്യം ചെയ്തിരുന്നു. പ്രസ്തുത ഫയലിൽ 16.03.2016-ലെ സർക്കാർ ഉത്തരവ് (സാ ധാ) നം.324/2016/നിയമം പ്രകാരം കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പിലെ നൈറ്റ് വാച്ച്മാനായ ശ്രീ.അജിത്ത് മോൻ എൻ.വി-യെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ ശ്രീ.ശിവപ്രസാദിന്റെ അപേക്ഷയ്ക്ക് ശേഷം ലഭിച്ച എത്ര അപേക്ഷകൾ പരിഗണിക്കുകയും ഡെപ്യൂട്ടേഷൻ നിയമനം നൽകുകയും ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | ഈ വിഷയത്തിൽ ശ്രീ.ശിവപ്രസാദ് പി.യുടെ 06.02.2015-തീയതിയായുള്ള അപേക്ഷയോടൊപ്പം ശ്രീ.അജിത് കുമാർ.ബി.യുടെ 27.02.2015-തീയതിയായുള്ള അപേക്ഷയും ശ്രീ.അജിത്ത് മോൻ എൻ.വി യുടെ 05.02.2016-തീയതിയായുള്ള അപേക്ഷയും |

| | | |
|---|---|---|
| | | 13949/എച്ച്3/2015/നിയമം എന്ന നമ്പർ ഫയലിൽ പരിഗണിച്ചിരുന്നു. പ്രസ്തുത ഫയലിൽ 16.03.2016-ലെ സർക്കാർ ഉത്തരവ് (സാധാ) നം.324/2016/നിയമം പ്രകാരം കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പിലെ നൈറ്റ് വാച്ച്മാനായ ശ്രീ.അജിത്ത് മോൻ എൻ.വി-യെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. |
| (ഡി) | മനുഷ്യാവകാശ കമ്മീഷനിൽ ദിവസ വേതനത്തിൽ എത്ര ഓഫീസ് അറ്റൻഡന്റുമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പേരെ ഡെപ്യൂട്ടേഷനിലൂടെ നിയമിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ? | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ അഞ്ച് ഓഫീസ് അറ്റൻഡന്റുമാർ ജോലിചെയ്യുന്നുണ്ട്. അതിൽമൂന്ന് പേരെ നിയമ വകുപ്പിൽ നിന്നോ സബോർഡിനേറ്റ് സർവ്വീസിൽ നിന്നോ ഉള്ള ഓഫീസ് അറ്റൻഡന്റ് മാരുടെ വിഭാഗത്തിൽ നിന്നും അന്യത്ര സേവന വ്യവസ്ഥ പ്രകാരം നിയമിക്കാവുന്നതാണ്. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**